LIBRARY ARCHIVES Kerala Legislative Assembly

ബാധിച്ചിട്ടുണ്ട്. കോവിഡ് - 19-ന്റെ ഒന്നാം ഘട്ട വ്യാപനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 160-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് വകുപ്പിനേറെ സാമ്പത്തിക പ്രത്യാഘാതം സൃഷ്ടിച്ചിരുന്നു. തുടർന്നുണ്ടായ രണ്ടാം വ്യാപനംനിമിത്തം നടപ്പുസാമ്പത്തികവർഷത്തിൽ നാളിതുവരെ 71 ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദ് ചെയ്യേണ്ടതായിവന്നിട്ടുണ്ട്. നികുതിയേതര വരുമാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	നികുതിയേതര വരുമാനം
2019-20	9972.09
2020-21	4910.83
2021-2022 (ജൂൺ മാസം 30 വരെ)	701.92

2019-20 സാമ്പത്തിക വർഷത്തിൽ നികുതിയേതര വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാൽ കോവിഡ് മഹാമാരിമൂലം പ്രതീക്ഷിത വരുമാനത്തിൽ 2020-21 സാമ്പത്തിക വർഷം ഏകദേശം 5000 കോടി രൂപയുടെ കുറവും നടപ്പ് സാമ്പത്തിക വർഷത്തിൽ ജൂൺ മാസം 30 വരെ ഏകദേശം 1795.73 കോടി രൂപയുടെ കുറവും വന്നിട്ടുണ്ട്.

വഖഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി എന്നിവയ്ക്ക് നൽകിയ സാമ്പത്തിക സഹായം

92 (1821) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വഖഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി, എന്നിവയ്ക്ക് നൽകിയ സാമ്പത്തിക സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

വഖഫ് ബോർഡിന് സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള പ്രത്യേക ധന സഹായം .

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം	തുക (ലക്ഷത്തിൽ)
2010-11	100
2011-12	100
2012-13	110
2013-14	110
2014-15	120
2015-16	120
2016-17	120
2017-18	219.95
2018-19	250
2019-20	42.34
2020-21	332
ആകെ	1624.29

വഖഫ് ബോർഡിന് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക

സാമ്പത്തിക വർഷം	തുക (ലക്ഷത്തിൽ)
2010-11	100
2011-12	100.25
2012-13	100.25
2013-14	69.58
2014-15	69.58
2015-16	72
2016-17	200
2017-18	72
2018-19	0
2019-20	21.6
2020-21	122.40
ആകെ	927.66

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വഖഫ് വസ്തുവകകളുടെ സർവ്വേ ഇനത്തിൽ അനുവദിച്ച തുക

സാമ്പത്തിക വർഷം	തുക (ലക്ഷത്തിൽ)
2018-19	30
2019-20	0
2020-21	15.00
ആകെ	45.00

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വഖഫ് ബോർഡിന് അനുവദിച്ച തുക (ലക്ഷത്തിൽ) :2596.95

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം അനുവദിച്ച തുക

സാമ്പത്തിക വർഷം	തുക (ലക്ഷത്തിൽ)
2010-11	34.48
2011-12	41.37
2012-13	46.18
2013-14	82.73
2014-15	92.57
2015-16	89.12
2016-17	0
2017-18	129.12
2018-19	85
2019-20	49.61
2020-21	245.09
ആകെ	895.27

(ബി) പ്രസ്തുത സംവിധാനങ്ങളിൽനിന്ന് സർക്കാരിന് നേരിട്ട് എന്തെങ്കിലും സാമ്പത്തിക വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വഖഫ് ബോർഡിൽനിന്നും ഹജ്ജ് കമ്മിറ്റിയിൽനിന്നും സർക്കാരിന് നേരിട്ട് സാമ്പത്തിക വരുമാനമൊന്നും ലഭിക്കുന്നില്ല.